**അനുബന്ധം**

## കേരള സാഹിത്യ അക്കാദമി
## പ്രവർത്തന പരിപാടികൾ 2016-18

1. ഒക്ടോബർ 15 – കേരള സാഹിത്യ അക്കാദമിയുടെ അറുപതാം വാർഷികം
2. നവംബർ 10 – ദക്ഷിണേന്ത്യൻ എഴുത്തുകാരുടെ സംഗമം, തൃശ്ശൂർ
3. സാഹിത്യ സെമിനാർ, ഹൈദ്രാബാദ്
4. നവംബർ 4, മലയാളം ശ്രേഷ്ഠഭാഷ സെമിനാർ, തൃശ്ശൂർ
5. നവംബർ 10 ദക്ഷിണേന്ത്യൻ എഴുത്തുകാരുടെ സംഗമം, തൃശ്ശൂർ
6. ഡിസംബർ 15, 16 കെ.പി. അപ്പൻ അനുസ്മരണം, കൊല്ലം
7. ഡിസംബർ 22 – വൈലോപ്പിള്ളി സ്മരണയും സാഹിത്യ സെമിനാറും.
8. ഡിസംബർ 27 മുതൽ 30 വരെ - സംസ്ഥാന തല വിദ്യാരംഗം സർഗ്ഗോത്സവം
9. 2017 ജനുവരി 3 എഴുത്തച്ഛൻ പുരസ്കാര സമർപ്പണം, ശ്രീ. സി. രാധാകൃഷ്ണന്
10. ജനുവരി 24 – ഡോ. സുകുമാർ അഴീക്കോട് അനുസ്മരണം
11. ജനുവരി 25 – വി.കെ.എൻ. അനുസ്മരണം, തിരുവില്വാമല
12. ജനുവരി 26-29 -കവിതയുടെ കാർണിവെൽ 2017, ഷൊർണ്ണൂർ
13. ഫെബ്രുവരി 13, 14 – ഒ.എൻ.വി. സ്മൃതി, ചവറ
14. ഫെബ്രുവരി 22 -സൈബർ സാഹിത്യ ശില്പശാല
15. ഫെബ്രുവരി 21-25 – ഇറ്റ്ഫോക് കൊളോക്യം സെമിനാർ
16. ഏപ്രിൽ 1-10, ദേശീയ പുസ്തകോത്സവം
17. മെയ് 4,5,6 – സംസ്ഥാന കഥാ ശില്പശാല
18. മെയ് 19,20 – കലാഗ്രാമം, കഥ- കവിത ശില്പശാല
19. ഏപ്രിൽ 21,22,23 – എഴുത്തിന്റെ വനപർവ്വം
20. ജൂൺ 10, 11 – അക്കാദമി 60-ാം വാർഷികാഘോഷം
21. ജൂൺ 1 – കോവിലൻ ഓർമ്മ
22. കിനാർ ഥേക്കേ കിനാരേ, ദ്വിദിന സാഹിത്യ സെമിനാർ, കൊൽക്കത്ത
23. ഉറൂബ് അനുസ്മരണം, കോഴിക്കോട്
24. ജൂലായ് 31, ആഗസ്റ്റ് 1,2 – രാമായണ പ്രഭാഷണപരമ്പര
25. ജൂലായ് 22 ആഗ്നേയം - കവിതാ ശില്പശാല, കുന്നംകുളം
26. എറിക് ഹോബ്സ്ബോം ജന്മശതാബ്ദി പ്രഭാഷണം
27. സെപ്റ്റംബർ 9, 10 – എഴുത്തുകാരികളുടെ സംഗമം, പുന്നയൂർകുളം
28. സെപ്റ്റംബർ 15,16,17 – കടലെഴുത്തുകൾ, അഴിത്തല കടപ്പുറം, നീലേശ്വരം
29. ഒക്ടോബർ 27, 28, 29 പി. സ്മൃതി, കാഞ്ഞങ്ങാട്
30. ഒക്ടോബർ 27, 28 തൊഴിലാളിവർഗ സാഹിത്യം മലയാളത്തിൽ, കൊല്ലം
31. നവംബർ 18, 19, 20 – മാർക്സിസവും മൂലധനവും സെമിനാർ
32. നവംബർ 24,25,26 ചെറുകഥാ ശില്പശാല, കാഞ്ഞങ്ങാട്

33. നവംബർ 29 – സ്വാമി വിവേകാനന്ദനും ഇന്ത്യൻ നവോത്ഥാനവും സെമിനാർ
34. ഡിസംബർ 12 – സി.ജെ. തോമസ് ജന്മശതാബ്ദി, തൃശ്ശൂർ
35. ഡിസംബർ 28, 29, 30 – കഥാ കാഥിക ക്യാമ്പ്, പൊന്നാനി
36. ഡിസംബർ 31 – എം.പി. ശങ്കുണ്ണിനായർ ജന്മശതാബ്ദി സെമിനാർ, തൃശ്ശൂർ
37. 2018 ജനുവരി 2 – പ്രവാസി സെമിനാർ, മലപ്പുറം
38. ജനുവരി 3 – എൻ.പി. മുഹമ്മദ് അനുസ്മരണസമ്മേളനം, കോഴിക്കോട്
39. ഫെബ്രുവരി 1-10 ദേശീയ പുസ്തകോത്സവം - എഴുത്തരങ്ങ് സാംസ്കാരികോത്സവം
40. മാർച്ച് 5 – അന്താരാഷ്ട്ര കവിസംഗമം

## കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല

## പ്രവർത്തന പരിപാടികൾ 2016-18

കേരള കലാമണ്ഡലം, കല്പിത സർവ്വകലാശാലയായതോടെ ബിരുദ – ബിരുദാനന്തര - ഗവേഷണ കോഴ്സുകൾക്ക് വിപുലമായ ക്യാമ്പസ് സൗകര്യം ഒരുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ 'വിവേകാനന്ദ സ്പർശം' പരിപാടിയുടെ തൃശ്ശൂർ ജില്ലാ പരിപാടികൾ വളരെ വിപുലമായ രീതിയിൽ കേരള കലാമണ്ഡലത്തിൽ വെച്ച് നടത്തുകയുണ്ടായി. കേരള സർക്കാരിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് 1000 യുവകലാകാരന്മാർക്ക് ഫെലോഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സാംസ്കാരിക ഡയറക്ടറേറ്റുമായി ചേർന്ന് കേരള കലാമണ്ഡലം ഏറ്റെടുത്തിട്ടുണ്ട്. മോഹിനിയാട്ടം എന്ന കലാരൂപത്തിന് കൂടുതൽ പ്രചാരം നേടിയെടുക്കുന്നതിന് വേണ്ടി, തെരഞ്ഞെടുത്ത 100 അരങ്ങുകളിൽ സൗജന്യമായി മോഹിനിയാട്ടം സോദാഹരണ പ്രഭാഷണവും അവതരണവും നടത്തുന്ന 'ശതമോഹനം' എന്ന പദ്ധതി വളരെ ഭംഗിയായി നിർവ്വഹിച്ചുവരുന്നു. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സ്വാഗത ഗാനത്തിന് നൃത്താവിഷ്കാരം നടത്തുകയുണ്ടായി.